ജില്ലാ അദാലത്ത് സമിതി യോഗം-

15/5/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- CRTVPMC0167000046

പരാതിക്കാരൻറെ പേര് - ശ്രീമതി. വെർജിൻ മേരി,
TC-100/53,
പ്രമീള കോട്ടേജ്,
പള്ളിത്തുറ,കഴക്കൂട്ടം
തിരുവനന്തപുരം

പരാതി വിഷയം - പരാതിക്കാരിയുടെ ഭർത്താവായ ശ്രീ. വാൾട്ടർ പെരേര ലിൻ എന്ന വ്യക്തിയ്ക്ക് ജനനം താമസിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി Non-Availability Certificate കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നില്ലാ യെന്ന പരാതി- സംബന്ധിച്ച്.

സൂചന - സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച CRTVPMC0167000046 ഡോക്കറ്റ് നമ്പർ പരാതി.

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

ശ്രീ. വാൾട്ടർ പെരേരയുടെ ജനനം 14/02/1972-ൽ സ്വവസതിയിൽ നടന്നതായാണ് അപേക്ഷക അവകാശപ്പെടുന്നത്. ഈ തീയതിയിൽ ജനനം താമസിച്ച് രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ Non-Availability Certificate നൽകണമെന്നാണ് ശ്രീ. വാൾട്ടർ

പെരേര കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നത്. ഇതിന് ഉപോത്ബലകമായി SSLC സർട്ടിഫിക്കറ്റ്, baptism സർട്ടിഫിക്കറ്റ് എന്നിവയും നോട്ടറി അറ്റസ്റ്റ് ചെയ്ത സത്യവാങ്മൂലവും, പാസ്പോർട്ട് എന്നിവയും ഹാജരാക്കിയിരുന്നു. എന്നാൽ NAC നൽകാൻ കോർപ്പറേഷൻ തയ്യാറായിരുന്നില്ല .ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും കോർപ്പറേഷൻ ഈ കാര്യത്തിൽ തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചതെന്ന് അദാലത്ത് സമിതി നിരീക്ഷിച്ചു.

അപേക്ഷയും അനുബന്ധരേഖകളും അടിയന്തിരമായി പുന:പരിശോധിച്ച് നിയമാനുസൃതമായ തിരച്ചിൽ നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ കേരള ജനന മരണ രജിസ്ട്രേഷൻ ആക്ട് ചട്ടം 13(3) പ്രകാരമുള്ള NAC (Non-Availability Certificate) അടിയന്തിരമായി അപേക്ഷകന് നൽകുന്നതിന് കോർപ്പറേഷൻ സെക്രട്ടറിയോടും കോർപ്പറേഷൻ ജനന-മരണ രജിസ്ട്രാറായ ഹെൽത്ത് ഓഫീസറോടും ഉപദേശിച്ച് തീരുമാനിച്ചു.

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം പിൻ-695043